LIBRARY ARCHIVES Kerala Legislative Assembly

മിശ്രവിവാഹ ധനസഹായം

74(5521) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ മിശ്രവിവാഹ ധനസഹായത്തിന്റെ അപേക്ഷയിൽ എന്നുവരെയുള്ളത് തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗക്കാരുടെ മിശ്രവിവാഹ ധനസഹായ അപേക്ഷകളിൽ തീർപ്പാക്കിയവ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി* ചേർത്തിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽനിന്നും ലഭിച്ച മിശ്രവിവാഹ ധനസഹായത്തിന്റെ അപേക്ഷകൾ തീർപ്പാക്കിയതിന്റെ ഓഫീസ് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത മിശ്രവിവാഹ ധനസഹായത്തിന്റെ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും വ്യക്തമാക്കാമോ?

മിശ്രവിവാഹം ചെയ്ത പട്ടികജാതി/പട്ടികവർഗ്ഗ ദമ്പതികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ധനസഹായം അനുവദിക്കുന്നതാണ് മിശ്രവിവാഹ ധനസഹായപദ്ധതി. വിവാഹം കഴിഞ്ഞ് 1 വർഷത്തിന് ശേഷവും മൂന്ന് വർഷത്തിനുള്ളിലും ധനസഹായത്തിന് അപേക്ഷ സമർപ്പിക്കണം. പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാൾ പട്ടികേതര ജാതിയിൽപ്പെട്ടയാളെ വിവാഹം കഴിക്കുകയാണെങ്കിൽ 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ) താഴെയുള്ള ദമ്പതികൾ ജാതി സർട്ടിഫിക്കറ്റുകൾ, പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുടെ വരുമാന സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ രേഖകൾ, വിവാഹ സർട്ടിഫിക്കറ്റ്, ബാങ്ക് അക്കൗണ്ട് രേഖകൾ, സഹവാസ സർട്ടിഫിക്കറ്റ് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 75,000 രൂപ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000 രൂപയിൽ (ഒരു ലക്ഷം രൂപ) താഴെയുള്ള ദമ്പതികൾ ജാതി, വരുമാന സർട്ടിഫിക്കറ്റ് എന്നിവയും മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷം ഒന്നിച്ചു താമസിക്കുന്നുവെന്ന ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രവും ടി വിവാഹത്തിന് മറ്റ് ധനസഹായമൊന്നും ലഭിച്ചിട്ടില്ലെന്നതിന്റെ സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.